# ഉൽപത്തി പുസ്തകത്തിൽ വെളിപ്പെടുന്ന ദൈവ സ്നേഹം

സാക് പുന്നൻ

WFTW 16 ജൂലൈ 2017

ഉൽപത്തി 22:2ൽ സ്നേഹത്തെപ്പറ്റിയുള്ള ആദ്യത്തെ പ്രസ്താവം, അബ്രഹാം സ്നേഹിക്കുന്ന തൻറെ ആദ്യജാതൻ എന്ന് യിസ്ഹാക്ക് വിളിക്കപ്പെടുന്ന ഇടത്താണ്. അതിനെ തുടർന്ന് ആ അദ്ധ്യായത്തിൽ പിന്നീട് പറയുന്ന യിസ്ഹാക്കിൻറെ യാഗം, ദൈവം തൻറെ ഏകജാതനായ പുത്രനെ നമ്മുടെ പാപങ്ങൾക്കു പരിഹാരയാഗമായി കാൽ വറിയിൽ അർപ്പിച്ചതിൻറെ വ്യക്തമായ ഒരു ചിത്രമാണ്. തദനുസൃതമായി രണ്ടാം വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന സ്നേഹം, ക്രിസ്തുവിനോടുള്ള പിതാവാം ദൈവത്തിൻറെ സ്നേഹമാണ്. ' സ്നേഹം' എന്ന വാക്കിൻറെ രണ്ടാമത്തെ പ്രസ്താവം ഉൽപത്തി 24:67 ലാണ്. അതു പറയുന്നത് യിസ്ഹാക്കിന് റിബെക്കായോടുള്ള സ്നേഹത്തെപ്പറ്റിയാണ്  ഒരു ഭർത്താവിന് അവൻറെ ഭാര്യയോടുള്ള സ്നേഹം. ആ അദ്ധ്യായത്തിൻറെ ശേഷം ഭാഗവും ക്രിസ്തുവിന് തൻറെ സഭയോടുള്ള സ്നേഹം മനോഹരമായി കാണിക്കുന്നതുകൊണ്ട്, അതിനെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം നമുക്ക് ലഭിക്കുന്നു. പുതിയ നിയമത്തിൽ  യോഹന്നാൻ 15:9  ൽഈ രണ്ടു ധാരണകളെയും കർത്താവ് ഒരുമിച്ച് ചേർത്ത് കൊണ്ടുവന്നിരിക്കുന്നു  ' പിതാവ് എന്നെ സനേഹിച്ചതുപോലെ ( ഉൽപ്പത്തി 22:2ൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ള, ഒരു പിതാവിന് തൻറെ പുത്രനോടുള്ള സ്നേഹത്താൽ) ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നു' (ക്രിസ്തുവിന് പാപിയോടുള്ള സ്നേഹത്തിന് അതിൻറെ സമാന്തരമായത് ഉൽപത്തി 24:67ൽ വിവരിച്ചിരിക്കുന്ന ഒരു മണവാളന് മണവാട്ടിയോടുള്ള സ്നേഹത്തിൽ കണ്ടെത്തുവാൻ കഴിയുന്നു. അങ്ങനെ പഴയനിയമത്തിലെ സൂചകോപദേശത്തിൽ പോലും, മനുഷ്യനോടുള്ള ദൈവത്തിൻറെ തീവ്രമായ സ്നേഹത്തിൻറെ ചിന്ത പ്രതിഫലിപ്പിക്കപ്പെട്ടിരിക്കുന്നു.

അതുകൊണ്ട് ഉൽപത്തി 24 ലേക്ക് നോക്കാം, അവിടെ യിസ്ഹാക്കും റിബെക്കായും തമ്മിലുള്ള ബന്ധം നൽകുന്ന ഈ മങ്ങിയ ചിത്രത്തിൽ കർത്താവിന് നമ്മോടുള്ള വലിയ സ്നേഹത്തിൻറെ ചില പ്രത്യേകതകൾ നമുക്കു കാണാം. ദൈവം എത്രയധികം നമ്മെ സ്നേഹിക്കുന്നു എന്നു നമ്മെ കാണിക്കുവാൻ ശ്രമിക്കുമ്പോഴെല്ലാം അവിടുന്ന് ഉദാഹരണമായി ഉപയോഗിക്കുന്നത് ഭാര്യാഭർതൃബന്ധത്തെയാണ് എന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. ഭർത്താവും ഭാര്യയും തമ്മിലുള്ള ഐക്യം ഭൂമിയിലുള്ള മറ്റെല്ലാ ബന്ധങ്ങളെക്കാളും ദൃഢബദ്ധമാണ്. സമാന്തരമായതിനെ അധിക ദൂരം കൊണ്ടു പോകുന്നത് വിവേകഹീനമായിരിക്കുമ്പോൾ തന്നെ, ഈ വിശദീകരണത്തിൻറെ ദൈവീക ഭാഗം, അതായിരിക്കുന്നതു പോലെതന്നെ എഫെസ്യർ 5:3133  പേലെയുള്ള പുതിയ നിയമഭാഗങ്ങളാൽ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളവ, കർത്താവ് ആഗ്രഹിക്കുന്ന വിധത്തിൽ നമുക്ക് തമ്മിൽ തമ്മിലും നമുക്ക് അവിടുത്തോടുള്ള വ്യക്തിപരമായ അടുപ്പം വ്യക്തമായി അടിവരയിട്ട് കാണിക്കുവാൻ തക്കവണ്ണം പ്രയോജനപ്പെടുത്തുന്നു. മനുഷ്യനുമായുള്ള ബന്ധത്തിനു വേണ്ടിയുള്ള ദൈവികാന്വേഷണത്തിൻറെ ഒരു രൂപകകഥയാണ് ഉൽപത്തി 24ൽ നാം കാണുന്നത്.അവിടെ അബ്രാഹാം പിതാവാം ദൈവത്തിൻറെ ഒരു പ്രതിരൂപമാണ്, അബ്രാഹാമിൻറെ ദാസൻ പരിശുദ്ധാത്മാവിൻറെ ഒരു പ്രതിരൂപമാണ്. യിസ്ഹാക്ക് പുത്രനാം ദൈവത്തിൻറെ ഒരു പ്രതിരൂപവുമാണ്. പരിശുദ്ധാത്മാവ് ക്രിസ്തുവിനു വേണ്ടി നേടുവാൻ അന്വേഷിക്കുന്ന വിദൂരദേശത്തുള്ള വിരുദ്ധ പ്രകൃതിയായ, വീണ്ടെടുക്കപ്പെട്ടിട്ടില്ലാത്ത മനുഷ്യൻറെ സ്ഥാനമാണ് റിബെക്കായ്ക്ക് ഉള്ളത്. അബ്രഹാമിൻറെ ദാസൻറെ (ഈ ദൗത്യത്തിൽ അബ്രഹാമിനെയും യിസ്ഹാക്കിനെയും പ്രതിനിധീകരിക്കുന്നവൻറെ) മനോഭാവത്തിലും, യിസ്ഹാക്കിന് റിബെക്കായോടുള്ള മനോഭാവത്തിലും ക്രിസ്തുവിന് നമ്മോടുള്ള സ്നേഹത്തിൻറെ പ്രത്യേക സവിശേഷതകൾ നാം വിവേചിച്ചറിയേണ്ടതുണ്ട്.

ഒന്നാമതായി, ഉൽപ്പത്തി 24ൽ 22ഉം 53ഉം വാക്യങ്ങളിൽ നാം കാണുന്നത്, തൻറെ യജമാനൻറെ സമ്പത്തിൽ നിന്ന് അബ്രഹാമിൻറെ ദാസൻ റിബെക്കായ്ക് സമ്മാനങ്ങൾ കൊടുക്കുന്നതാണ്. ഇത് ദൈവത്തിൻറെ ഹൃദയത്തിനുള്ളിലേക്ക് ഒരുൾക്കാഴ്ച നമുക്കു നൽകുന്നു. നമ്മുടെ അടുത്തേക്കു വരുമ്പോൾ അവിടുന്ന് അവകാശങ്ങൾ ഉന്നയിച്ചുകൊണ്ടല്ലവരുന്നത്, എന്നാൽ നൽകിക്കൊണ്ടാണ്. ഒരു നല്ല ഭർത്താവ് തനിക്കുള്ളതെല്ലാം തൻറെ ഭാര്യയുമായി പങ്കു വെയ്ക്കുവാൻ ആഗ്രഹിക്കുന്നതു പോലെ തന്നെ കർത്താവ് അവിടുത്തേക്കുള്ളതെല്ലാം നാമുമായി പങ്കുവെയ്ക്കുവാൻ ആഗ്രഹിക്കുന്നു. നമ്മിൽ അനേകർക്കും ഒരു ധാരണയുള്ളത് നാം നമ്മെ തന്നെ പൂർണ്ണമായി കർത്താവിന് കീഴടക്കിയാൽ, അവിടുന്ന് നമ്മുടെ മേൽ അനേകം അവകാശങ്ങൾ ആവശ്യപ്പെട്ട് നമ്മുടെ ജീവിതം ദുരിത പൂർണ്ണമായ ഒന്നായി തീരും എന്നാണ്. നാം ഈ കാര്യം വാക്കുകളിൽ അധികം പറയാറില്ലെങ്കിലും, നിരുപാധികം കാർത്താവിനു കീഴടങ്ങുന്നതിൽ നിന്ന് നാം പിൻവലിയുന്നത് അതുകൊണ്ടാണ്. നമുക്കുള്ളത് എടുത്തുകളയാനായി വരുന്ന യഥാർത്ഥ കള്ളൻ പിശാചാണെന്ന് യേശു വ്യക്തമായി നമ്മോടു പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 10:10).എന്നാൽ എത്ര കുറച്ചു പേർ മാത്രമാണിത് വിശ്വസിക്കുന്നത്. കർത്താവായ യേശുവന്നിരിക്കുന്നത്. തനിക്കുള്ളതെല്ലാം നമുക്ക് തരുവാനാണെന്ന് നാം യഥാർത്ഥത്തിൽ വിശ്വസിച്ചിരുന്നെങ്കിൽ, നമ്മുടെ ജീവിതം അവിടുത്തേക്ക് കീഴടക്കി നൽകുവാൻ യാതൊരു മടിയും നമുക്കുണ്ടാകുകയില്ലായിരുന്നു.

ഒരിക്കൽ ദരിദ്രയായ ഒരു വൃദ്ധയ്ക്ക് അവളുടെ വാടക കൊടുക്കുന്നതിനുതകുന്ന ഒരു സമ്മാനം കൊടുക്കുവാനായി അവരെ സന്ദർശിക്കുവാൻ പോയ ഒരു പാസ്റ്ററെകുറിച്ച് ഒരു കഥയുണ്ട്. അദ്ദേഹം അവരുടെ വീട്ടിൽ ചെന്ന് വാതിലിൽ മുട്ടി, എന്നിട്ട് കാത്തു നിന്നു, പിന്നീട് വീണ്ടും മുട്ടി. എന്നാൽ ഒരു പ്രതികരണവും ഉണ്ടാ യില്ല. അതുകൊണ്ട് കുറെ നേരം കഴിഞ്ഞപ്പോൾ അയാൾ മടങ്ങി പോയി. ഏതാനും ദിവസങ്ങൾക്കുശേഷം അയാൾ അവരെ തെരുവിൽ വെച്ച് കണ്ടുമുട്ടി, അയാൾ അവരോട് പറഞ്ഞു. ‘ ഞാൻ ഒരു സമ്മാനവുമായി കഴിഞ്ഞ ദിവസം നിങ്ങളെ സന്ദർശിച്ചു, എന്നാൽ നിങ്ങളുടെ വീട് പൂട്ടികിടക്കുന്നതായി കണ്ടു, കൂടാതെ കതകിൽ മുട്ടിയിട്ട് ഒരു മറുപടിയും എനിക്ക് ലഭിച്ചതുമില്ല‘. ‘ഓ‘ ആ പ്രായം ചെന്ന സ്ത്രീ പറഞ്ഞു ‘ ക്ഷമിക്കണം, ഞാൻ അകത്തുണ്ടായിരുന്നു എന്നാൽ ഞാൻ കരുതിയത് അതു വാടക പിരിക്കുവാൻ ഇരിക്കുന്ന വീട്ടുടമയാണെന്നാണ്. അതുകൊണ്ട് ഞാൻ വാതിൽ തുറന്നില്ല‘ സഹോദരീ സഹോദരന്മാരെ, കർത്താവായ യേശു ക്രിസ്തു വാടക പരിക്കാനായിട്ടല്ല വന്നിരിക്കുന്നത്!. അവിടുത്തേക്ക് സ്വന്തമായുള്ളതെല്ലാം നമുക്ക് തരുവാനാണ് അവിടുന്ന വന്നിരിക്കുന്നത്. നമുക്ക് സങ്കൽപ്പിക്കാൻ കഴിയാത്ത അത്ര സമ്പത്ത് നമുക്ക് കൊണ്ടുവരുവാൻ അവിടുന്നാഗ്രഹിക്കുന്നു. അവിടുത്തെക്കുവേണ്ടി വാതിൽ തുറന്നുകൊടുക്കാതിരിക്കുന്നത് എത്ര വിഡ്ഢിത്തമാണ്. നമ്മുടെ ജീവിതങ്ങളെ അവിടുത്തേക്ക് സമ്പൂർണ്ണമായി കീഴടക്കി കൊടുക്കാതിരിക്കുന്നത് എത്ര വിഡ്ഢിത്തമാണ്.

വീണ്ടും അബ്രഹാമിൻറെ ദാസനെ നോക്കുക. ഈ സംഭവ വിവരണത്തിൻറെ മറ്റൊരു സവിശേഷത, റിബെക്കാ യിസ്ഹാക്കിനുവേണ്ടിയുള്ള ദൈവത്തിൻറെ തിരഞ്ഞെടുപ്പാണ്. എന്ന് അറിഞ്ഞിട്ടും ഈ മനുഷ്യൻ അവളെ തൻറെ കൂടെ പോരുവാൻ നിർബന്ധിക്കുന്നില്ല. അയാൾ അവളുടെ സ്വതന്ത്ര ഇച്ഛാശക്തിയെ ബഹുമാനിക്കുകയും, അവൾ തന്നെ അതിനു മനസ്സുവച്ചപ്പോൾ മാത്രം അവളെ കൊണ്ടുപോകുകയും ചെയ്തു (വാക്യങ്ങൾ 5459). ഇതും നമ്മോടുള്ള ക്രിസ്തുവിൻറെ സ്നേഹത്തിൻറെ സവിശേഷതകളാണ്, ഈ അദ്ധ്യായത്തിൻറെ ആരംഭത്തിൽ നാം ചുരുക്കമായി കണ്ടതുപോലെ, മനുഷ്യൻറെ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തെ ദൈവം ബഹുമാനിക്കുന്നു. ദൈവത്തിൻറെ സ്നേഹം നിർബന്ധം ഇല്ലാത്തതാണ്. ഒരു കാര്യം ചെയ്യുവാനും അവിടുന്നു നമ്മെ ഒരിക്കലും നിർബന്ധിക്കുന്നില്ല. ലോകത്തിലുള്ള മനുഷ്യർ അതെ, ക്രസ്തീയ നേതാക്കന്മാർ പോലും നിങ്ങളുടെ ഇഷ്ടത്തിന് വിരോധമായി അനേക കാര്യങ്ങൾ ചെയ്യുവാൻ നിങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തിയേക്കാം.

എന്നാൽ ദൈവം ഒരിക്കലും അതു ചെയ്യുകയില്ല (ഇടയ്ക്കുഞാൻ പറയട്ടെ, ദൈവത്തെ പോലെ ആകുവാൻ ആഗ്രഹിക്കുന്ന ഏതു മനുഷ്യനും ഈ കാര്യത്തിലും ദൈവത്തെ പിൻഗമിക്കും). കർത്താവ് ഒരിക്കലും നിങ്ങളുടെ ബൈബിൾ വായിക്കുവാനോ, പ്രാർത്ഥിക്കുവാനോ, അവിടുത്തേക്കു വേണ്ടി സാക്ഷിയാകുവാനോ നിങ്ങളെ നിർബന്ധിക്കുകയില്ല. ഒരു പാപി തങ്കലേക്കു തിരിയുവാൻ ദൈവം ഒരിക്കലും അവൻറെമേൽ ബലം പ്രയോഗിക്കുന്നില്ല. ഒരു വിശ്വാസി അവിടുത്തെ അനുസരിക്കുവാനും അവിടുന്ന് നിർബന്ധിക്കുന്നില്ല. സമാഗമന കൂടാരത്തെക്കുറിച്ച് മോശെയ്ക്കുള്ള അവിടുത്തെ നിർദ്ദേശങ്ങളിൽ, ദൈവം അദ്ദേഹത്തോടു പറഞ്ഞത് മനസ്സോടെ കൊടുക്കുന്നവരിൽ നിന്നു മാത്രമെ ദാനങ്ങൾ സ്വീകരിക്കാവൂ എന്നാണ്. (പുറ 25:2), മാത്രമല്ല ഈ പ്രമാണം പുതിയ നിയമത്തിൽ ആവർത്തിക്കുകയും ചെയ്യുന്നു (2 കൊരി 9:7). വാസ്തവത്തിൽ മുഴുവൻ ബൈബിലൂടെയും ഇത് ഒഴുകുന്നുണ്ട്. ദൈവം അവിടുത്തോടുള്ള അനുസരണം കൽപ്പിക്കുന്നു, എന്നാൽ അവിടുന്ന് ആരെയും ഒരിക്കലും അനുസരിക്കുവാൻ നിർബന്ധിക്കുന്നില്ല. അവിടുന്നുതന്നെ മനുഷ്യനു കൊടുത്തിട്ടുള്ള സ്വതന്ത്ര ഇച്ഛാശക്തിയെ എപ്പോഴും അവിടുന്ന് ബഹുമാനിക്കും. അപ്പോൾ, നിങ്ങൾക്കും എനിക്കും ഇതുപോലെയുള്ള ഒരു സ്നേഹത്തെ ഭയപ്പെടേണ്ട ആവശ്യമെന്താണ്?